REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 01-06-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- ഏഴാം ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിൽ ആദ്യ നാല് മണിക്കൂറിൽ 26.3 ശതമാനം പോളിംഗ്. എക്സിറ്റ്പോൾ ഫലങ്ങൾ വൈകിട്ട്.
- കന്യാകുമാരിയിലെ വിവേകാനന്ദപ്പാറയിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ 45 മണിക്കൂർ ഏകാന്ത ധ്യാനം വൈകിട്ട് സമാപിക്കും.
- സംസ്ഥാനത്ത് ആറ് ജില്ലകളിൽ മഞ്ഞ ജാഗ്രത. തെക്കൻ കേരളത്തിലും തൃശൂരിലും ശക്തമായ മഴ.
- ട്വന്റി-20 ക്രിക്കറ്റ് ലോകകപ്പിന് നാളെ പുലർച്ചെ അമേരിക്കയിൽ തുടക്കമാകും.

## വാർത്തകൾ വിശദമായി

**ഏഴാമത്തെയും അവസാനത്തെയും ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിൽ 57 മണ്ഡലങ്ങളിൽ വോട്ടെടുപ്പ് പുരോഗമിക്കുന്നു. ആദ്യ നാല് മണിക്കൂറിൽ 26.3 ശതമാനം വോട്ട് രേഖപ്പെടുത്തിയതായി തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. ഹിമാചൽ പ്രദേശിലാണ് ഉയർന്ന പോളിങ് - 31.92 ശതമാനം. കുറഞ്ഞ പോളിങ് ഒഡീഷയിൽ - 22.64 ശതമാനം.**

ജാർഖണ്ഡിൽ രാവിലെ 11 വരെ 29.55 ശതമാനം പോളിംഗുണ്ടായി. ഉത്തർപ്രദേശ് - 28.2, പശ്ചിമ ബംഗാൾ - 28.1, ചണ്ഡീഗഡ് - 25.03, ബീഹാർ - 24.25, പഞ്ചാബ് - 23.91, എന്നിങ്ങനെയാണ് പോളിംഗ് ശതമാനം. ഒഡീഷയിലെ 42 നിയമസഭാ സീറ്റുകളിൽ 22.97 ശതമാനം പോളിംഗ് രേഖപ്പെടുത്തി.

വൈകിട്ട് ആറ് വരെയാണ് വോട്ടെടുപ്പ്. ഇതോടെ ഏപ്രിൽ 19 ന് ആരംഭിച്ച ലോക്സഭാ തിരഞ്ഞെടുപ്പിലെ വോട്ടെടുപ്പ് പൂർത്തിയാകും.

പ്രധാനമന്ത്രി നരേന്ദ്രമോദി, കേന്ദ്രമന്ത്രി അനുരാഗ് സിംഗ് ഠാക്കൂർ, രവിശങ്കർ പ്രസാദ്, കോൺഗ്രസ് നേതാക്കളായ മനീഷ് തിവാരി, വിക്രമാദിത്യ സിംഗ്, RJD നേതാവ് മിസാഭാരതി, TMC നേതാവ് അഭിഷേക് ബാനർജി തുടങ്ങിയവർ ഈ ഘട്ടത്തിൽ ജനവിധി തേടുന്ന പ്രമുഖരിൽ ചിലരാണ്.

വോട്ടെടുപ്പ് പൂർത്തിയായ ശേഷം വാർത്താ ചാനലുകൾ എക്സിറ്റ്പോൾ ഫലങ്ങൾ പുറത്തുവിടും.

ചൊവ്വാഴ്ചയാണ് എല്ലാ മണ്ഡലങ്ങളിലെയും വോട്ടെണ്ണൽ.

✪✪✪

അവസാനഘട്ട വോട്ടെടുപ്പിൽ യുവാക്കളും സ്ത്രീകളും ഉൾപ്പെടെ റെക്കോഡ് വോട്ട് രേഖപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. സമ്മതിദാനാവകാശം വിനിയോഗിച്ച് ജനാധിപത്യത്തെ

ഊർജസ്വലമാക്കാൻ അദ്ദേഹം സമൂഹമാധ്യമത്തിൽ ആഹ്വാനം ചെയ്തു. തിരഞ്ഞെടുപ്പ് നടക്കുന്ന സംസ്ഥാനങ്ങളിലെ പ്രാദേശിക ഭാഷകളിലും പ്രധാനമന്ത്രി സന്ദേശം പങ്കുവെച്ചു.

✪✪✪

ജനാധിപത്യത്തെയും ഭരണഘടനയെയും സംരക്ഷിക്കുന്നതിന് കൊടും ചൂടിലും വോട്ട് രേഖപ്പെടുത്താനെത്തുന്ന ജനങ്ങളെയോർത്ത് അഭിമാനിക്കുന്നതായി കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി അഭിപ്രായപ്പെട്ടു. ജൂൺ നാലിന് രാജ്യം പുതിയ ഉദയത്തിന് സാക്ഷ്യം വഹിക്കുമെന്നും അദ്ദേഹം എക്സിൽ കുറിച്ചു.

✪✪✪

പുതുതായി തിരഞ്ഞെടുക്കുന്ന സാമാജികരെ പാർലമെന്റിലേക്ക് സ്വാഗതം ചെയ്യാൻ ലോക്സഭാ സെക്രട്ടേറിയറ്റ് വിപുലമായ സജ്ജീകരണങ്ങൾ ഒരുക്കി. പുതിയ അംഗങ്ങളുടെ രജിസ്ട്രേഷൻ ഓൺലൈൻ ഇന്റഗ്രേറ്റഡ് സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ വഴിയായിരിക്കും. ഈ മാസം 5 മുതൽ 14 വരെ ശനി, ഞായർ ദിവസങ്ങളിൽ ഉൾപ്പെടെ രജിസ്ട്രേഷൻ തുടരും. ഇതിന്റെ നടപടികൾ പൂർണമായും കടലാസ് രഹിതമായിരിക്കും.

✪✪✪

കന്യാകുമാരിയിലെ വിവേകാനന്ദപ്പാറയിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ 45 മണിക്കൂർ ഏകാന്ത ധ്യാനം വൈകിട്ട് സമാപിക്കും. വ്യാഴാഴ്ച വൈകിട്ട് ധ്യാനം ആരംഭിച്ച അദ്ദേഹം

ഇന്നലെ സൂര്യപൂജയും നടത്തി. ഇന്ന് വൈകിട്ട് തിരുവള്ളൂർ പ്രതിമയിൽ ആദരമർപ്പിച്ച ശേഷമായിരിക്കും ധ്യാനം അവസാനിപ്പിക്കുക. തുടർന്ന് ഹെലികോപ്ടറിൽ തിരുവനന്തപുരത്തെത്തുന്ന പ്രധാനമന്ത്രി വിമാനത്തിൽ ഡൽഹിയിലേക്ക് മടങ്ങും.

✪✪✪

ലൈംഗികാതിക്രമ കേസിൽ പ്രത്യേക അന്വേഷണ സംഘത്തിന്റെ കസ്റ്റഡിയിൽ വിട്ട JD(S) M.P പ്രജ്വൽ രേവണ്ണയെ രണ്ടാം ദിവസമായ ഇന്നും ചോദ്യം ചെയ്യുകയാണ്. പീഡന ദൃശ്യങ്ങൾ പകർത്തിയ മൊബൈൽ ഫോൺ കണ്ടെടുക്കാനാണ് സംഘം ശ്രമിക്കുന്നത്. എന്നാൽ പ്രജ്വൽ അന്വേഷണത്തോട് സഹകരിക്കുന്നില്ലെന്ന് SIT അറിയിച്ചു.

ബംഗലൂരുവിലെ കേംപഗൗഡ വിമാനത്താവളത്തിൽ നിന്ന് ഇന്നലെ പുലർച്ചെയാണ് പ്രത്യേക അന്വേഷണസംഘം പ്രജ്വലിനെ അറസ്റ്റ് ചെയ്തത്.

✪✪✪

സംസ്ഥാന പോലീസ് മേധാവിയുടെ സാന്നിധ്യത്തിൽ ഉച്ചകഴിഞ്ഞു കോഴിക്കോട് ഉദ്യോഗസ്ഥരുടെ ഉന്നതല യോഗം ചേരും. ഉത്തരമേഖലയിലെ സാഹചര്യങ്ങൾ വിലയിരുത്തും.

✪✪✪

വാണിജ്യ - പാചക വാതക സിലിണ്ടറിന്റെ വില കുറച്ചു. 19 കിലോ സിലിണ്ടറിന് 70 രൂപ 50 പൈസയാണ് കുറച്ചത്. ഗാർഹിക സിലിണ്ടറുകളുടെ വിലയിൽ മാറ്റമില്ല.

✪✪✪

സംസ്ഥാനത്ത് വിവിധ ജില്ലകളിൽ ശക്തമായ മഴ തുടരുന്നു. വയനാട്, കോഴിക്കോട്, മലപ്പുറം, തൃശൂർ, ഇടുക്കി, എറണാകുളം ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

തെക്കൻ കേരള - ലക്ഷദ്വീപ് തീരങ്ങളിൽ മീൻപിടുത്തത്തിന് വിലക്കുണ്ട്.

തെക്കുകിഴക്കൻ അറബിക്കടലിൽ കേരള തീരത്തിന് അരികെ ചക്രവാതച്ചുഴി രൂപപ്പെട്ടതിന്റെ ഫലമായി കേരള തീരത്ത് ശക്തമായ പടിഞ്ഞാറൻ കാറ്റ് നിലനിൽക്കുന്നതായും കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ഇന്നും നാളെയും ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്.

✪✪✪

തൃശ്ശൂർ നഗരത്തിൽ കനത്ത മഴയെത്തുടർന്ന് പലയിടത്തും വെള്ളക്കെട്ട് രൂക്ഷമാണ്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്.....

........വോയ്സ്........

✪✪✪

ശംഖുമുഖത്ത് വള്ളം മറിഞ്ഞ് മത്സ്യ തൊഴിലാളിയായ മഹേഷിനെ കാണാതായി. കോസ്റ്റ് ഗാർഡ് ഇയാൾക്കായി തിരച്ചിൽ തുടരുകയാണ്. രാവിലെ 8 മണിയോടെയായിരുന്നു അപകടം.

വിഴിഞ്ഞത്തേക്ക് പോകുകയായിരുന്ന വള്ളം തിരയിൽ പെട്ട് മറിയുകയായിരുന്നു. രണ്ട് പേരാണ് വള്ളത്തിൽ ഉണ്ടായിരുന്നത്. കൂടെയുണ്ടായിരുന്ന വിത്സൻ എന്നയാൾ നീന്തി രക്ഷപെട്ടു.

✪✪✪

കനത്ത നീരൊഴുക്കിനെ തുടർന്ന് മലങ്കര ഡാമിന്റെ അഞ്ച് ഷട്ടറുകൾ ഒന്നര മീറ്റർ ഉയർത്തി. തൊടുപുഴ, മൂവാറ്റുപുഴ ആറുകളുടെ തീരങ്ങളിൽ താമസിക്കുന്നവർക്ക് ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്.

✪✪✪

കോഴിക്കോട് കൂരാച്ചുണ്ട് ഇരുപത്തിയെട്ടാംമൈൽ പേര്യമല ചുവട്ടിന് സമീപം ഇന്നലെ വൈകിട്ട് ഉരുൾപൊട്ടലും മണ്ണിടിച്ചിലുമുണ്ടായി. സമീപത്തെ കോഴിഫാമിന് ഭാഗികമായ നാശ നഷ്ടമുണ്ടായി. 40 ഹൈടെക് കോഴി കൂടുകൾ നശിച്ചു. കൃഷിനാശവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംഭവസ്ഥലം റവന്യൂ ഉദ്യോഗസ്ഥർ സന്ദർശിച്ചു.

✪✪✪

ഒൻപതാമത് ട്വന്റി-20 ക്രിക്കറ്റ് ലോകകപ്പിന് ഇന്ത്യൻ സമയം നാളെ പുലർച്ചെ ആറിന് അമേരിക്കയിൽ തുടക്കമാകും. ഉദ്ഘാടന മത്സരത്തിൽ ആതിഥേയരായ US, കാനഡയെ നേരിടും. ബുധനാഴ്ച അയർലണ്ടിനെതിരെയാണ് ഇന്ത്യയുടെ ആദ്യമത്സരം. ജൂൺ ഒൻപതിന് ഇന്ത്യ-പാകിസ്ഥാൻ മത്സരം നടക്കും. ഇന്ത്യ- ബംഗ്ലാദേശ് സന്നാഹ

മത്സരം ഇന്ന് രാത്രി എട്ടിന് ആരംഭിക്കും. ന്യൂയോർക്കിലെ നാസൊ കൗണ്ടി സ്റ്റേഡിയ ത്തിലാണ് മത്സരം.

✪✪✪

ബോക്സിംഗിൽ ലോക ചാമ്പ്യൻഷിപ്പ് വെങ്കല മെഡൽ ജേതാവ് നിശാന്ത് ദേവ് 2024 ലെ പാരീസ് ഒളിമ്പിക് ഗെയിംസിന് യോഗ്യത നേടി. ഒളിമ്പിക് ഗെയിംസിന് യോഗ്യത നേടുന്ന ആദ്യ ഇന്ത്യൻ പുരുഷതാരമാണ് നിശാന്ത് ദേവ്.

✪✪✪

കോഴിക്കോട് ഹോട്ടലിന്റെ മാലിന്യ ടാങ്കിൽ വീണ് രണ്ട് പേർ മരിച്ച സംഭവത്തെ തുടർന്ന് ഹോട്ടൽ അടച്ചു പൂട്ടാൻ കോഴിക്കോട് കോർപ്പറേഷൻ ആരോഗ്യ വിഭാഗം ഇന്ന് ഉത്തരവിറക്കും. മതിയായ സുരക്ഷാ ക്രമീകരണങ്ങളില്ലാതെ പ്രവൃത്തി പരിചയമില്ലാത്ത തൊഴിലാളികളെ കൊണ്ട് ടാങ്കിലെ ജോലി നടത്തിച്ചതിനാണ് നടപടി. സംഭവത്തിൽ ചേവായൂർ പോലീസും കേസെടുത്തിട്ടുണ്ട്. റനിഷ് കൂട്ടാലിട, അശോകൻ കിനാലൂർ എന്നിവരാണ് മരിച്ചത്.

✪✪✪

തലശേരി മാഹി ബൈപാസിൽ ഈസ്റ്റ് പള്ളൂർ സിഗ്നൽ ജംഗ്ഷനിൽ ഓട്ടോറിക്ഷയിൽ കാറിടിച്ച് ഓട്ടോ ഡ്രൈവർ മരിച്ചു.പള്ളുർ ശ്രീനാരായണമഠത്തിനടുത്ത മുത്തു ആണ് മരിച്ചത്. രാവിലെയായിരുന്നു അപകടം.

അപകടം പതിവായതിനാൽ ബൈപാസിലേക്ക് കയറുന്ന രണ്ട് റോഡുകളും ഇന്ന് രാത്രി 10 മുതൽ നാളെ രാവിലെ 6 വരെ അടച്ചിടും.

✪✪✪

കുടുംബശ്രീയുടെ 'അരങ്ങ് 2024' കലോത്സവത്തിന്റെ കോഴിക്കോട് ജില്ലാതല മത്സരം വൈകിട്ട് സമാപിയ്ക്കും.

ജില്ലാതല വിജയികൾ ഈ മാസം 7, 8 ,9 തീയതികളിൽ കാസർഗോഡ് പീലിക്കോട്ടെ സംസ്ഥാന അരങ്ങ് കലോത്സവത്തിൽ പങ്കെടുക്കും.

✪✪✪

പരിശീലനം പൂർത്തിയാക്കിയ 475 പോലീസ് കോൺസ്റ്റബിൾമാരുടെ പാസിംഗ് ഔട്ട് പരേഡ് മലപ്പുറം MSP ബറ്റാലിയൻ പരേഡ് ഗ്രൗണ്ടിൽ നടന്നു. സംസ്ഥാന പോലീസ് മേധാവി ഡോ. ഷെയ്ക് ദർവേഷ് സാഹെബ് സേനാംഗങ്ങളുടെ അഭിവാദ്യം സ്വീകരിച്ചു. പരിശീലന കാലയളവിൽ വിവിധ വിഭാഗങ്ങളിൽ മികവ് പുലർത്തിയ സേനാംഗങ്ങൾക്ക് DGP ട്രോഫികൾ നൽകി.

✪✪✪

കണ്ണൂർ ഹജ്ജ് ഹൗസ് നിർമ്മാണത്തിന് സ്ഥലം കൈമാറാൻ നടപടി ആരംഭിച്ചതായി മന്ത്രി V അബ്ദുറഹ്മാൻ പറഞ്ഞു. കണ്ണൂർ എംബാർക്കേഷൻ പോയിന്റിലെ ഹജ്ജ് ക്യാമ്പ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. കേരളത്തിലെ രണ്ടാമത്തെ ഹജ്ജ് ഹൗസ് കണ്ണൂരിൽ തന്നെ ആയിരിക്കുമെന്ന് മന്ത്രി വ്യക്തമാക്കി.

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് ഹജ്ജ് യാത്രയ്ക്ക് തുടക്കമായി. പുലർച്ചെ 376 പേരുമായി സൗദി

അറേബ്യൻ എയർലൈൻസിന്റെ ജംബോ വിമാനം ഫ്ലാഗ് ഓഫ് ചെയ്തു.

✪✪✪

ആദിവാസി കോളനികൾ ബാലസൗഹൃദമാക്കുന്ന ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ 'ബാലസൗഹൃദ ഭവനങ്ങൾ' പദ്ധതിയുടെ ഭാഗമായി മലപ്പുറം നെടുങ്കയം ആദിവാസി കോളനിയിലെ കുട്ടികൾക്ക് ബാലസൗഹൃദ അദാലത്ത് സംഘടിപ്പിച്ചു. പൂട്ടിക്കിടക്കുന്ന നെടുങ്കയം ബദൽ സ്കൂൾ L.P സ്കൂൾ ആക്കി മാറ്റണമെന്ന് കോളനി നിവാസികൾ അദാലത്തിൽ ആവശ്യപ്പെട്ടു. പത്താം ക്ലാസ് കഴിഞ്ഞവരുടെ തുടർപഠനം, പഠനാനന്തര പരിശീലനങ്ങളുടെ അഭാവം, രക്ഷിതാക്കളുടെ മദ്യപാനം തുടങ്ങിയ പ്രശ്നങ്ങൾ അദാലത്തിൽ പരിഗണിച്ചു.

✪✪✪

കണ്ണൂരിൽ അന്തരിച്ച കവിയൂർ രാഘവന്റെ സംസ്കാരം ഉച്ചകഴിഞ്ഞ് പയ്യാമ്പലത്ത് നടത്തും. ഉത്തരകേരള കവിതാ സാഹിത്യ വേദിയുടെയും ഗാന്ധി സാഹിത്യ വേദിയുടെയും സ്ഥാപകനാണ്. മൃതദേഹം കണ്ണൂർ സ്റ്റേഡിയം കോർണറിൽ പൊതു ദർശനത്തിന് വെച്ചിരിക്കുകയാണ്.

✪✪✪

കോഴിക്കോട് ജില്ലയിൽ ഇത്തവണ തപാൽ വോട്ടുകളുടെ എണ്ണത്തിൽ വർദ്ധനയുണ്ടായതായി അധികൃതർ അറിയിച്ചു. സർവീസ് വോട്ടുകൾ ഉൾപ്പെടെ കോഴിക്കോട് മണ്ഡലത്തിൽ

**13,270 ഉം, വടകര മണ്ഡലത്തിൽ 14,405 ഉം പോസ്റ്റൽ വോട്ടുകൾ ലഭിച്ചു.**